# എം ജി ബി എഡ് ഏകജാലകം 2024: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

എം ജി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ഒന്നാം വർഷ ബി എഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ് സീറ്റുകളിലേക്ക് ഇത്തവണ മുതൽ ഓൺലൈനായി അപേക്ഷിക്കേണ്ടതും അലോട്മെന്റ് സർവ്വകലാശാല നടത്തുന്നതുമായിരിക്കും. കമ്മ്യൂണിറ്റി മെറിറ് ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവർക്ക് തങ്ങളുടെ കമ്മ്യൂണിറ്റിയിൽ പ്പെട്ട എയ്ഡഡ് കോളേജുകളിൽ മാത്രമേ അപേക്ഷിക്കുന്നതിനു സാധിക്കുകയുള്ളൂ.
മാനേജ്മെന്റ് ക്വാട്ടാ പ്രവേശനത്തിനായി അപേക്ഷകർ കോളേജുകളുമായി ബന്ധപ്പെടേണ്ടതും ഓൺലൈൻ ക്യാപ്പ് അപേക്ഷാ നമ്പർ നൽകേണ്ടതുമാണ്. ക്യാപ്പിൽ കൂടി അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ് ക്വാട്ടാ കളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നതല്ല

സ്പോർട്സ്/ഭിന്നശേഷിക്കാർക്കായുള്ള ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവരും ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

അപേക്ഷകർ പ്രോസ്പെക്ടസിൽ പറയും പ്രകാരം സംവരണാനുകൂല്യത്തിനായുള്ള സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപ്‌ലോഡ് ചെയ്യേണ്ടതായുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ജാതി സർട്ടിഫിക്കറ്റും എസ് ഇ ബി സി/ഓ ഇ സി വിഭാഗങ്ങളിൽപ്പെടുന്നവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇ ഡബ്ല്യു എസ് വിഭാഗത്തിൽപ്പെട്ടവർക്കായുള്ള സംവരണാനുകൂല്യം ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട റവന്യു അധികാരിയിൽ നിന്നുമുള്ള ഇൻകം ആൻഡ് അസ്സറ്റ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. എൻ സി സി/എൻ എസ് എസ് എന്നീ വിഭാഗങ്ങളിൽ ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദ തലത്തിലെ സാക്ഷ്യപത്രമാണ് ഹാജരാക്കേണ്ടത്. ഇതേ പോലെ തന്നെ വിമുക്തഭടൻ/ ജവാൻ എന്നിവരുടെ ആശ്രിതർക്ക് ലഭ്യമാവുന്ന ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇതിനായി ആർമി/നേവി/എയർ ഫോഴ്സ് എന്നീ വിഭാഗങ്ങളെ മാത്രമേ പരിഗണിക്കൂ.

വിവിധ പ്രോഗ്രാമുകളിലേക്ക് കോളേജുകളിൽ ഒടുക്കേണ്ടതായ ഫീസ് സംബന്ധമായ വിവരങ്ങൾ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

ആപ്ലിക്കേഷൻ ഫീ പൊതു വിഭാഗത്തിനു 1300 രൂപയും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് 650 രൂപയുമാണ്.

ഓൺലൈൻ അഡ്മിഷനായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് **0481-2733511,0481-2733521,0481-2733518** എന്നീ നമ്പറുകളിലോ bedcap@mgu.ac.in എന്ന ഇ.മെയിൽ ഐഡിയിലോ ബന്ധപെടുക.